No.CEE/4745/2012/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2012-13 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോഴ്സുകളിലേക്കുള്ള വിവിധ ഫീസ് ആനുകൂല്യങ്ങൾ/സ്കോളർഷിപ്പ് നടപ്പിലാക്കുന്നത് സംബന്ധിച്ച്

**AICTE യുടെ ട്യൂഷൻ ഫീസ് ഇളവ് പദ്ധതി** :

2012-13 അദ്ധ്യയന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ എഞ്ചിനീയറിംഗ് കോളേജുകളിൽ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (AICTE) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള **ട്യൂഷൻ ഫീസ് ഇളവ് പദ്ധതി** നടപ്പിലാക്കുന്നു. സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് അനുവദിച്ചിട്ടുള്ള ആകെ സീറ്റുകളിൽ 5% വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപ വരെ വരുന്ന വിദ്യാർത്ഥികളെ മെരിറ്റടിസ്ഥാനത്തിലാണ് ട്യൂഷൻ ഫീസ് ഇളവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

**സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കുള്ള ഫീസ് ആനുകൂല്യം/സ്കോളർഷിപ്പ്** :

2012 ൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ ഓരോ കോഴ്സിനും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്ത മൊത്തം വിദ്യാർത്ഥികളിൽ നിന്നും ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള 50% വിദ്യാർത്ഥികൾക്ക്, സ്പെഷ്യൽ ഫീസായി അടച്ച 25,000/- രൂപ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുക്കുന്നതാണ്.

2012 ൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ ഓൺലൈൻ മുഖേന താഴെപ്പറയുന്ന രീതിയിൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി അവരവരുടെ ആപ്ലിക്കേഷൻ നമ്പരും റോൾ നമ്പരും നൽകി ലോഗിൻ ചെയ്യേണ്ടതാണ്. അപ്പോൾ Candidate details എന്ന പേരിലുള്ള ഒരു പേജ് ദൃശ്യമാകും. ഈ പേജിൽ അവരവരുടെ ജില്ല, താലൂക്ക്, വില്ലേജ് എന്നീ കോളങ്ങൾ സെലക്ട് ചെയ്യേണ്ടതാണ്. തുടർന്ന് submit button ക്ലിക്ക് ചെയ്യുന്നതോടെ Candidate details എന്ന പേജിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റിന്റെയും പ്രിന്റൗട്ട് ലഭിക്കുന്നതാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് അതത് വില്ലേജ് ഓഫീസർമാരിൽ നിന്നും വരുമാനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി ഒപ്പും സീലും പതിപ്പിച്ച്, Candidate details പേജ് ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **2012 നവംബർ 9-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** എത്തിക്കേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്തിട്ടുള്ളവരിൽ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവർ പുതുതായി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല. തെറ്റായ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30.10.2012